കവിത:

# രാധ = സ്നേഹം

-വിജയകുമാർ കളരിക്കൽ

നീയെന്നെ മറന്നുവോ രാധേ ?
പിച്ച വച്ചുയർന്നൊരെൻ കയ്യിൽ
വിരൽ തന്നു,
വിരലിന്റെ തുമ്പത്തു തൂക്കി
പിറകെ നടത്തി,
ഇടവഴികളിലുരുളാതെ,
പാടത്തു വീഴാതെ,
ഇടവഴികൾ തോറുമേ,
വരമ്പുകൾ തോറുമേ
എന്നയും മേച്ചു നടന്നു നീ, രാധേ......

പേക്കിനാരാക്കളിൽ
ഞെട്ടിപ്പിടയവെ,
മാറോടു ചേർത്തെന്നിൽ
സാന്ത്വനമായതും,
വിഹ്വല സന്ധ്യയിൽ
തപ്പിത്തടയവെ,
കയ്യിൽ വടിയേകി
നീ മാർഗമായതും,
കത്തും ദിനങ്ങളിൽ
ഉരുകിയൊലിയ്ക്കവെ,
ഹേമന്തമായെന്നിൽ
മൂടിപ്പുതഞ്ഞതും
നീ മറന്നുവോ, രാധേ.....?

ചിറകുകൾ മുറ്റിത്തഴച്ചോരുച്ചയിൽ
നിന്നെ പിരിഞ്ഞു, പറന്നു ഞാൻ,
തേടി ഞാൻ, നേടി ഞാൻ,
ഒരുപാടൊരുപാട് കാതങ്ങൾ താണ്ടി ഞാൻ,
കാണാത്ത തീരങ്ങൾ,
നേടാത്ത മോഹങ്ങൾ ശേഷമില്ലെങ്കിലും
ഉൾക്കാമ്പിലൊരു ചെറു നോവന
നിന്റെ സ്മരണകൾ..........
എങ്ങു നീ, എങ്ങു നീ-
യെൻ പ്രിയരാഗമേ....?
തേടുന്നു നിന്നെ ഞാൻ
വ്യർത്ഥമാമെന്റെയീ സന്ധ്യയിൽ,
എങ്ങു പോയ്,
എങ്ങു പോയ് നീയെന്റെ രാധേ..?

എൻ നിത്യരാക്കളിൾ,
കർക്കിട രാക്കളിൾ
എന്നുപ ബുദ്ധിയിൽ
പേനൃത്തമാടുന്നതെന്റെ മക്കൾ,
വേട്ടയാടപ്പെട്ട്, പ്രേതമാക്കപ്പെട്ടതെന്റെ മക്കൾ.

ഇന്നലെ സന്ധ്യയിൽ.
കാർ കൊണ്ട സന്ധ്യയിൽ,
കൂടണയാ പ്രാവെന്റെ പുത്രി,
കഴുകന്റെ കൊക്കിന്നിരയായി,

ഒരു പിടിത്തൂവലായ്
കാറ്റത്തലഞ്ഞതെന്റെ പുത്രി.

മൂർത്തമാം വെട്ടത്തിൽ,
പകലിന്റെ വെട്ടത്തിൽ,
പാശിതൻ ഞാൻ, എന്റെ മുന്നിൽ,
കുത്തിക്കീറപ്പെട്ടതെന്റെ പെണ്ണ്,
കാണികൾ കണ്ടില്ലെന്നോതി
ഭ്രാന്തയാക്കപ്പെട്ട്,
റോഡീലലയുവതെന്റെ പെണ്ണ്....

എങ്ങുപോയ്,
എങ്ങു പോയ് നീയെന്റെ രാധേ....?
ഒരു നിത്യയുണ്മയായ്,
ഒരു ശക്തരാഗമായ്,
മാർഗ്ഗമായ്, ശാന്തിയായ്, ഹേമന്തമായ്
നീയെന്നിൽ,
ഈ വിണ്ണിൽ നിറയാത്തതെന്തേ ?
എങ്ങു  പോയ്,
എങ്ങു പോയ് നീയെന്റെ രാധേ...?

********